02/12/21

23/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 736(6)/2021** *എസ്.ഐ.സി.*

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.6404/*എസ്.ഐ.സി–ജി 5/2021*)

### സന്നിഹിതൻ

## അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. അജുഖാൻ. എം.**
**അജുമൻസിൽ,**
**കുണ്ടയം പി.ഒ,**
**പത്തനാപുരം – 689 695** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,**
   **പത്തനാപുരം ഗ്രാമപഞ്ചായത്ത്,**
   **പത്തനാപുരം പി.ഒ – 689 695.**
2. **അപ്പീൽ അധികാരി &**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
   **കൊല്ലം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അജുഖാൻ. എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും അവ്യക്തവും അപൂർണ്ണവുമായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ആയതി നാൽ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 22.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കുറിച്ചുള്ള താഴെ പറയുന്ന വിവരങ്ങളാണ്.

(A) ഒരു വസ്തുവിന്റെ അതിരിൽ നിന്ന് എത്ര അകലം പാലിക്കണ മെന്നും

(B) പൊതു വഴി ഉണ്ടെങ്കിൽ എത്ര അകലം പാലിക്കണമെന്നും

(C) കക്കൂസ്, കുളിമുറി, കിച്ചൺ, വർക്കിംഗ് ഏരിയ തുടങ്ങിയവ അതി രിന് ചേർന്ന് സ്ഥാപിക്കുന്നതിനെ കുറിച്ചും

(D) മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് അതിരിൽ നിന്ന് എത്ര അകലം പാലിക്കണമെന്നുമാണ്.

3. ഹർജിക്കാരന്റെ 22.02.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.03.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 30.03.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 29.04.2021 ൽ തീർപ്പാക്കിയിട്ടു ള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 17.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാ ത്തിനാലാണ് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും അപ്പീൽ തീർപ്പാക്കുന്ന തിലേയ്ക്കായി ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവ കാശ അപേക്ഷയിലെ ക്രമ നമ്പർ 3 ൽ വിവരങ്ങളുടെ വിശദാംശങ്ങളിൽ 'എ'

മുതൽ 'ഡി' വരെയുള്ള ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരുന്നത് കെട്ടിട നിർമ്മാണ ചട്ടത്തിന്മേലുള്ള വിശദീകരണവും സംശയനിവാരണവുമാണെന്നും വിശദീകര ണങ്ങൾ/വ്യഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, സംശയ നിവാരണം നടത്തുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലായെന്ന് അറിയിച്ചു കൊണ്ട് ടിയാന് മറുപടി നൽകിയിട്ടുള്ളതിനാലും കൂടാതെ വിവരാവകാശ അപേക്ഷയിലെ ക്രമ നമ്പർ 5 ൽ കെട്ടിട നിർമ്മാണ ചട്ട വുമായി ബന്ധപ്പെട്ടിട്ടുള്ള അപേക്ഷകന്റെ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതിനാലും അപ്പീൽ ഹർജിയിൽ തുടർ നടപടികൾ ആവശ്യമില്ലായെന്ന് കണ്ടുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാ രന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും എതിർകക്ഷികൾ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കാണുന്നത്. 12.11.2021 ൽ കമ്മീഷൻ പുനലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കണം എന്നാണ് ടിയാൻ ഹിയറിംഗിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ആയ തിനാൽ ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യമായ മറുപടി ടിയാന് ലഭ്യമാക്കേണ്ടതും ആ വിവരം കമ്മീഷനിൽ അറിയിക്കേണ്ടതുമാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീ ഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 23-ാം തീയതി തീർപ്പാക്കി ഉത്തരവാ കുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

VKm

RIGHT TO INFORMATION